(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് എത്ര ടൺ ഇരുമ്പയിർ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ ;

(ഇ) സംസ്ഥാനത്ത് ഖനനം ചെയ്യുന്ന ഇരുമ്പയിർ വ്യാവസായിക ആവശ്യത്തിന് ഉപയോഗപ്പെടുത്താറുണ്ടോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി, ഡി ആൻറ് ഇ) സംസ്ഥാനത്ത് മൊത്തം 83.6 ദശലക്ഷം ടൺ ഇരുമ്പയിർ നിക്ഷേപം ഉള്ളതായി തിട്ടപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വ്യാവസായികമായി ഖനനം ചെയ്യുന്നത് ലാഭകരമല്ല എന്നാണ് പഠന റിപ്പോർട്ട്.

ലോഹമണൽ വ്യവസായം

13. [1401] ശ്രീ. എം യൂനസ് കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും മുനിസിപ്പാലിറ്റിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീണ്ടകരയിൽ ലോഹമണൽ അടിസ്ഥാനമാക്കി സംയുക്ത മേഖലയിൽ വ്യവസായം ആരംഭിക്കുന്നതിന് ഗവൺമെൻറ് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) എന്തു തുകയുടെ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആൻറ് (ബി) കൊല്ലം ജില്ലയിലെ തീരപ്രദേശത്തെ ധാതുമണൽ നിക്ഷേപങ്ങളിൽ, നിന്നും ഖനനം ധാതുക്കളെ വേർതിരിക്കൽ, സിന്തറിക് റൂടൈൽ നിർമ്മാണം എന്നിവയ്ക്കായി സംയുക്തമേഖലയിൽ താഴെ പറയുന്ന രണ്ടു പദ്ധതികൾ ആരംഭിക്കുന്നതിന് സർക്കാർ അംഗീകാരം നൽകുകയുണ്ടായി.

(i) കേരള സർക്കാർ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ, വെസ്ട്രേലിയൻ സാൻഡ്സ് ഇന്ത്യാ ലിമിറഡ് എന്നിവർ ചേർന്ന സംയുക്ത പദ്ധതി.

(ii) കേരള സർക്കാർ, റെഗിസൺ ഗോൾഡ് ഫീൽഡ് കൺസോളിഡേറഡ് ലിമിറഡ് (ആർ.ജി.സി.) കമ്പാസറ്റ്; ഇൻഡ്യൻ റെയർ എർത്ത് ലിമിറഡ് (ഐ. ആർ. ഇ.), എന്നിവർ ചേർന്ന സംയുക്ത പദ്ധതി മേൽ പറഞ്ഞ ഓരോ പദ്ധതിക്കും നിർദ്ദേശിച്ചിട്ടുള്ള മുതൽ മുടക്ക് 400 കോടി രൂപ വീതമാണ്.

LIBRARY ARCHIVES Kerala Legislative Assembly